ഉത്തരം

(എ) കേരളത്തിൽ "ഡെസ്റ്റിനേഷൻ കേരള" എന്ന പദ്ധതിയിൽ 24 ടൂറിസ്റ്റ് കേന്ദ്രങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിൽ മൂന്ന് എണ്ണം (തെന്മല-പാലരുവി, ആലുവ, മുഴുപ്പിലങ്ങാട്) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉൾപ്പെടുത്തിയവയാണ്. ഇതിനു പുറമേ പാതിരാമണൽ, വാഗമൺ, പമ്പ-കുട്ടനാട്, അഷ്ടമുടി എന്നീ സ്ഥലങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായുള്ള വിവിധ പദ്ധതികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്തവയാണ്. ഇത് കൂടാതെ കേരളത്തിലുടനീളം ഒട്ടേറെ അവികസിത ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിന് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ മുഖാന്തിരവും പല പദ്ധതികളും നടപ്പിലാക്കു വരുന്നുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കേരളം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണം

127(1615)ശ്രീ. എ.സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഈ സാമ്പത്തിക വർഷത്തിൽ 1999 ഡിസംബർ 31 വരെ എത്ര വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഈ ടൂറിസ്റ്റുകളിൽ എത്ര പേരാണ് ആയുർവേദ ചികിത്സാ സൗകര്യങ്ങൾക്കുവേണ്ടി കേരളത്തിൽ എത്തിച്ചേർന്നിരുന്നത്;

(സി) ടൂറിസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരവും നിയന്ത്രണവും ഉള്ള എത്ര ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ സംസ്ഥാനത്ത് ഇപ്പോഴുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1,96,219 വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെ 98,827 വിദേശ ടൂറിസ്റ്റുകൾ സംസ്ഥാനം സന്ദർശിച്ചിട്ടുള്ളതായി ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(സി) ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള 21 ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്.

ഡി.ടി.പി.സി.കളുടെ പ്രവർത്തനം

128 (1616)ശ്രീ. പി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡി.ടി.പി.സി. കളുടെ പ്രവർത്തനം സജീവമല്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly